## പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6655 — 09 – 07 – 2014 - ൽ മറുപടിക്ക്

### വെബ് സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. റ്റി. എൻ പ്രതാപൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സർക്കാർ സ്ഥാപനങ്ങളുടെ വെബ് സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | KSITM – ന് കീഴിലുള്ള CERT – K ടീം ഓരോ വർഷവും സംസ്ഥാന ഡാറ്റ സെന്ററിൽ നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റ് / അപ്ലിക്കേഷൻ എന്നിവയ്ക്ക് സെക്യൂരിറ്റി ഓഡിറ്റിംഗ് ചെയ്യുകയും, അതിലെ പാകപ്പിഴകൾ അതതു വകുപ്പുകളെ അറിയിക്കുകയും ആയത് പരിഹരിക്കാൻ, ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. പുതുതായി ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്യുന്ന വെബ്സൈറ്റ് / അപ്ലിക്കേഷന് സെക്യൂരിറ്റി ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | സർക്കാർ വെബ് സൈറ്റുകൾ ഹാക്ക് ചെയ്തതായി പരാതി ലഭിച്ചാൽ അതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റ് / അപ്ലിക്കേഷൻ ഹാക്ക് ചെയ്യപ്പെട്ടാൽ , CERT – Kerala എന്ന സംസ്ഥാന സർക്കാർ സ്ഥാപനം അവയുടെ ഇൻസിഡന്റ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കുകയും, എവിടെ നിന്നാണ് അറ്റാക്ക് വന്നു എന്നതും, ഏതു സെക്യൂരിറ്റി ബ്രീച്ച് ഉണ്ടായി എന്നും കണ്ടുപിടിച്ച് State cyber cell -ന് റിപ്പോർട്ട് കൈമാറി പരാതി രജിസ്റ്റർ ചെയ്തു വരുന്നു. ടി റിപ്പോർട്ടിന്റെ പകർപ്പ് CERT - In എന്ന ഭാരത സർക്കാർ സ്ഥാപനത്തിനും കൈമാറുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി എതെല്ലാം കേന്ദ്ര ഏജൻസികളാണ് സഹായം നൽകുന്നത് എന്നും വിശദാം ശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (സി) | സെക്യൂരിറ്റിയും ഹാക്കിങ്ങ് സംബന്ധിച്ചിട്ടുള്ള റിപ്പോർട്ടുകൾ CERT - k, കേന്ദ്ര സർക്കാർ സ്ഥാപനമായ CERT -In നുമായി പങ്കുവയ്ക്കുകയും അവരുമായി നിരന്തര സമ്പർക്കം പുലർത്തുകയും ചെയ്യുന്നുമുണ്ട്. CERT -In ആവശ്യപ്പെടുന്ന സഹായങ്ങൾ CERT-k, ചെയ്തു കൊടുക്കുന്നു. ഒരു വെബ്സൈറ്റ് / അപ്ലിക്കേഷൻ ഹാക്ക് ചെയ്യപ്പെട്ടാൽ അതിന്റെ വിശദമായ റിപ്പോർട്ട് CERT -In ന് അയച്ചുകൊടുക്കാറുണ്ട്. |
| (ഡി) | വെബ് സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | വെബ്സൈറ്റുകളുടെ സുരക്ഷ ഉറപ്പാക്കാൻ CERT-k, ടീമിനെ നിയോഗിച്ചിട്ടുണ്ട്. KSITM -ന്റെ കീഴിലുള്ള CERT-k എന്ന സ്ഥാപനം സെക്യൂരിറ്റി ഓഡിറ്റിംഗ്, ഇൻസിഡന്റ് അനാലിസിസ്, പെനട്രേഷൻ ടെസ്റ്റിംഗ്, ഇൻസിഡന്റ് റസ്പോൺസ്, വൾണറബിലിറ്റി അലെർട്ട്സ് എന്നിവ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ